പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1301

20.03.2012-ൽ മറുപടിയ്ക്ക്

ടൂറിസം വകുപ്പിലെ നിർമ്മാണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുവാൻ നടപടി

| ചോദ്യം<br>ശ്രീ. കെ.സുരേഷ് കുറുപ്പ് | | ഉത്തരം<br>ശ്രീ. എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി). | |
|---|---|---|---|
| എ) | ടൂറിസം വകുപ്പിലെ നിർമ്മാണപ്രവർത്തനങ്ങൾ കരാറെടുത്തവർ അവ യഥാസമയം പൂർത്തിയാക്കുന്നു എന്നുറപ്പാക്കുവാൻ ഡയറക്ടറേറ്റിൽ നടപടി സ്വീകരിക്കുന്നുണ്ടോ; | എ) | ഉണ്ട് |
| ബി) | നിർമ്മാണം യഥാസമയം പൂർത്തിയാക്കിയാൽ ഉടൻ ബില്ല് പാസ്സാക്കി കൊടുക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോ; ഇത്തരത്തിൽ വീഴ്ച ഉണ്ടാകുന്നില്ലെന്ന് ഉറപ്പാക്കാറുണ്ടോ; | ബി) | നിർമ്മാണം പൂർത്തിയാക്കി ബന്ധപ്പെട്ട ഏജൻസികൾ ബില്ല് സമർപ്പിച്ചാൽ ബിൽ തുകകൾ വകുപ്പ് പരിശോധിച്ച് കാലതാമസം വരുത്താതെ പാസ്സാക്കി നൽകുന്നുണ്ട്. പ്രോജക്റ്റുകളുടെ നിർമ്മാണം നിർവ്വഹിച്ചതിന്റെ ബില്ലുകൾ ബന്ധപ്പെട്ട ഏജൻസി സമർപ്പിക്കുമ്പോൾ ആയത് യഥാസമയം പാസ്സാക്കി നൽകുന്നുണ്ടെന്ന കാര്യം വകുപ്പ് ഉറപ്പാക്കുന്നുണ്ട്. |
| സി) | ബഡ്ജറ്റ് പ്രൊവിഷനുണ്ടായിരുന്നിട്ടും ബില്ലുകൾ യഥാസമയം പാസ്സാക്കി കൊടുക്കാതിരിക്കുന്നത് എന്തുകൊണ്ടാണ്; | സി) | ബില്ലുകളുടെ പരിശോധനയും മറ്റ് നടപടികളും പൂർത്തിയാക്കി അവ ക്രമപ്രകാരമെങ്കിൽ യഥാസമയം പാസ്സാക്കി നൽകുന്നുണ്ട്. |
| ഡി) | ഡയറക്ടറേറ്റിലെ കാലതാമസം വികസനപ്രവർത്തനങ്ങളെ ബാധിക്കുന്നതായറിയാമോ; | ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ഇ) | നിശ്ചയിക്കപ്പെട്ട പരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; | ഇ ) | സർക്കാർ അംഗീകരിച്ച വിവിധ ഏജൻസികൾ വഴിയാണ് ടൂറിസം വകുപ്പ് പദ്ധതികൾ നടപ്പിലാക്കുന്നത്. നിശ്ചയിക്കപ്പെട്ട പരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാർക്കെതിരെ ബന്ധപ്പെട്ട വർക്ക് ഇംപ്ലിമെന്റിംഗ് ഏജൻസികൾ വഴി പെനാൽറ്റി ചുമത്തലുകൾ ഉൾപ്പെടെയുള്ള നടപടികൾ കൈക്കൊള്ളുന്നുണ്ട്. |
| എഫ് ) | പ്രവൃത്തി ഏറ്റെടുക്കുന്ന കരാറുകാർക്ക് അത് യഥാസമയം നിറവേറ്റാൻ സാധ്യമാകുന്ന നിലയിൽ എല്ലാ ക്ലിയറൻസുകളും ലഭ്യമാക്കിയതിനുശേഷമാണോ വർക്ക് അവാർഡ് ചെയ്യുന്നത്; വിശദമാക്കുമോ ? | എഫ് ) | പ്രവൃത്തികൾ ടൂറിസം വകുപ്പ് നേരിട്ട് നടത്താറില്ല. എംപാനൽ ചെയ്ത ഏജൻസികൾ മുഖാന്തിരം കരാറുകാർക്ക് പ്രവർത്തി യഥാസമയം നിറവേറ്റാൻ സാധ്യമാക്കുന്ന നിലയിൽ എല്ലാ ക്ലിയറൻസുകളും ലഭ്യമാക്കിയതിനുശേഷമാണ് വർക്ക് അവാർഡ് ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ